LIBRARY ARCHIVES Kerala Legislative Assembly

**കഞ്ചിക്കോട് ബി.ഇ.എം.എൽ. പദ്ധതി**

**175 (5065)** ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് ബി.ഇ.എം.എൽ. പദ്ധതിയുടെ രണ്ടാംഘട്ടം ഭൂമി നൽകിയാൽ ആരംഭിക്കാമെന്ന് കേന്ദ്രം വാഗ്ദാനം നൽകിയിട്ടുണ്ടോ ;

(ബി) ഇതനുസരിച്ച് ആവശ്യമായ ഭൂമി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പദ്ധതിയുടെ രണ്ടാം ഘട്ടത്തിനായി 600 ഏക്കർ ഭൂമി ഏറ്റെടുത്ത് ബി.ഇ.എം.എൽ.-ന് കൈമാറുന്നതിനുവേണ്ട നടപടികൾ കിൻഫ്ര ആരംഭിച്ചിട്ടുണ്ട്.

(സി) ഭൂമി ലഭ്യമാക്കുന്ന മുറയ്ക്ക് ബി.ഇ.എം.എൽ. നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**കണ്ണൂർ സിൽക്കിന്റെ വികസനം**

**176 (5066)** ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ 'സിൽക്കി'ന്റെ ഇപ്പോഴത്തെ സാമ്പത്തിക നില എന്താണെന്ന് അറിയിക്കുമോ ;

(ബി) കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പൂട്ടിയിടലിന്റെ വക്കിലെത്തിയ ഈ സ്ഥാപനത്തെ പ്രവർത്തന ക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചത് ;

(സി) സിൽക്കിന്റെ വികസനം സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശങ്ങൾ ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സിൽക്കിന്റെ കണ്ണൂർ ജില്ലയിലെ ഷിപ്പ് ബിൽഡിംഗ് യൂണിറ്റ് ഇപ്പോൾ ലാഭത്തിലാണ് പ്രവർത്തിക്കുന്നത്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന ജലഗതാഗത വകുപ്പിനുവേണ്ടി നിരവധി യാത്രാബോട്ടുകളുടെയും, സംസ്ഥാന